# വെറുപ്പിന്റെ ചാവേറുകൾ ഓർക്കുക, ഇത് മാനവ ഭൂമി



ജോസ് ഡേവിഡ്(janayugam)

**ലൗജിഹാദ് എന്നാക്ഷേപിച്ച് നമ്മുടെ പ്രണയത്തെ തല്ലിക്കെടുത്തുന്ന അഭിനവ രാഷ്ട്രീയ വില്ലന്മാർ. പ്രണയം മനുഷ്യൻ തീർക്കുന്ന എല്ലാ മതിൽക്കെട്ടുകളെയും ഉല്ലംഘിക്കുന്ന മനുഷ്യന്റെ ഉത്ക്കടമായ വികാരമാണെന്ന തിരിച്ചറിവ് ഊരിപ്പിടിച്ച കഠാരയുമായി പ്രണയത്തെ കുത്തിമലർത്താനിറങ്ങുന്നവർക്ക് ഉണ്ടാകണമെന്നില്ല.**

കേരളത്തിൽ ലോകകപ്പിന്റെ ഗോളാരവങ്ങൾ മുഴങ്ങുന്നതിനിടെ ആർപ്പും ആഘോഷങ്ങളുമായി ബിജെപിയുടെ അണ്ടർ 17 ടീം കണ്ണൂരിൽ നിന്നും ഹിന്ദുത്വത്തിൽ പൊതിഞ്ഞ അധികാര രാഷ്ട്രീയ പന്തുരുട്ടുന്നു. ഇത് ഏത് ഗോൾമുഖത്തിലേക്ക്?
മീററ്റിലെ മോഡി ക്ഷേത്രത്തിൽ പ്രതിഷ്ഠയായി സ്വയം അവതരിക്കാൻ പോകുന്ന ഭാരതത്തിന്റെ പുതിയ 'ഭഗവാൻ' എത്തിയില്ല. അമിത്ഷായും യോഗി ആദിത്യനാഥും തുടങ്ങി ജൂനിയർ ടീം അംഗങ്ങൾ ഓരോന്നോരോന്നായി കേരളത്തിന്റെ തെരുവിലൂടെ വിയർത്തൊലിച്ച്, കാലിൽ നീരുവച്ച് പാതിവഴിയിൽ യാത്ര ഉപേക്ഷിച്ചു. ജനസുരക്ഷായാത്ര. കേരളത്തെ, ഇന്നത്തെ 'കരാളമായ ഭരണഗുണ്ടായിസത്തിൽ' നിന്നും രക്ഷിക്കാൻ പോകുന്നു. ലൗ ജിഹാദ് പ്രണയത്തിൽ നിന്നും മോചിപ്പിക്കാൻ പോകുന്നു.
ജാഥാവീഥികൾ വിജനമായിരുന്നു. കടകമ്പോളങ്ങൾ അടഞ്ഞുകിടന്നു. ജനങ്ങൾ ഭയാക്രാന്തരായി വീട്ടിനുള്ളിലിരുന്നു. ആൾപ്പാർപ്പില്ലാത്ത, പ്രതിരോധമില്ലാത്ത നാട്ടിടങ്ങൾ കീഴടക്കുന്നുവെന്ന അവകാശവാദം ഒരു സൈനിക വിജയമല്ല. കേരളത്തിന്റെ നെടുകെയും കുറുകെയും ബിജെപി എത്ര മാർച്ച് ചെയ്താലും അതിനെ രക്ഷാകൂടാരമായി മലയാളി സ്വീകരിക്കാൻ നിവൃത്തിയില്ല. കാരണം കോഴിയെ രക്ഷിക്കാൻ കുറുക്കനെ കാവലേൽപ്പിക്കുന്ന ആനവങ്കത്തം മലയാളി കാട്ടാത്തതുകൊണ്ട്.
ഡൽഹിയിൽ നിന്നും കൊണ്ടുവന്ന സ്തുതിപാഠക മാധ്യമങ്ങളുടെ ക്യാമറക്കണ്ണുകൾക്ക് മുമ്പിൽ, ഇമചിമ്മാതെ നുണ പറയാൻ കഴിയുന്ന അമിത്ഷാമാർ പറയുന്നു കേരളം അരക്ഷിതമായ നാടാണെന്ന്. ദേശീയവാർത്താ ചാനലവതാരകർ- ക്യാമറയ്ക്ക് മുമ്പിൽ ഇമചിമ്മാതെ നുണ പറയുന്ന അതേ മെയ്വഴക്കത്തോടെ അതാവർത്തിക്കുന്നു, കേരളം ജീവിക്കാൻ കൊള്ളില്ലെന്ന്.
നമ്മൾ സ്വയം കൈയിൽ നുള്ളി നോക്കേണ്ട അവസ്ഥ. സത്യത്തിൽ നമുക്ക് ജീവനുണ്ടോ. അതോ മൃതർക്കിടയിൽ വധിക്കപ്പെട്ടു കിടക്കുന്ന കബന്ധങ്ങളോ? ഈ തമ്പ്രാക്കന്മാർ ഉത്തരേന്ത്യയിൽ നിന്നും ഏത് മൃതസഞ്ജീവനിയാണ് നമുക്കായി കൊണ്ടുവന്നിരിക്കുന്നത്? ജീവൻ വേണമെങ്കിൽ മൃതസഞ്ജീവനി ഹോമം നടത്തിക്കോളൂ എന്ന് ബുദ്ധിയുള്ളവരെയെല്ലാം ഉപദേശിച്ച സംഘപരിവാരം നമുക്കായി എഴുതുന്ന കുറിപ്പടി എന്താണ്?

യോഗി ആദിത്യനാഥിനു മുമ്പ് കാവി ഉടുത്ത് സന്യാസിവര്യന്മാർ ഈ വഴിത്താരകളിലൂടെ നടന്നുനീങ്ങിയിട്ടുണ്ട്. അവരെ സ്വാമി വിവേകാനന്ദനെന്നും ശ്രീനാരായണഗുരുവെന്നും വിളിക്കും. അർധനഗ്നനായ ഒരു ഫക്കീറും ഇതുവഴി പോയിട്ടുണ്ട്. ഇതേ പയ്യന്നൂരിൽ വന്നിറങ്ങി, ശാന്തിമന്ത്രം ഉരുവിട്ട് ആ വൃദ്ധൻ നടന്ന് കയറിയത് സ്വാതന്ത്ര്യത്തിലേയ്ക്ക്. നവ ഭാരതത്തിന്റെ ഭാഗധേയം മാറ്റിമറിക്കുന്നതിൽ ഇവർക്ക് നിർണായകമായ പങ്കുമുണ്ട്. ഇവിടെ 'നമുക്ക്

ജാതിയില്ല' എന്ന് സ്നേഹപുരസരം പ്രഖ്യാപിച്ചു. അതനുസരിച്ച് അയൽക്കാരനോട് പെരുമാറുന്ന ജനതതിയുണ്ട്. പള്ളിക്കുടത്തിൽ, പാടത്ത്, പണിയിടങ്ങളിൽ, സാമൂഹ്യ ഇടങ്ങളിൽ ഒക്കെ ഇവിടത്തെ മനുഷ്യർ ചിന്തിക്കുന്നതും പെരുമാറുന്നതും അങ്ങനെയാണ്.

അതാണീ നാടിന്റെ ധന്യവും സമ്പന്നവുമായ സാംസ്കാരിക പൈതൃകം. വത്തിക്കാനിൽ ക്രിസ്തുമതം ഉണ്ടാകും മുമ്പ് ക്രിസ്ത്യാനികൾ ഉണ്ടായ നാട്. അറേബ്യയിൽ പലയിടത്തും ഇസ്ലാം പീഡിപ്പിക്കപ്പെട്ടപ്പോൾ ഇസ്ലാമിനെ വരവേറ്റ നാട്. സ്വന്തം ഭൂമിയിൽ പാർക്കാനാകാതെ ഹതാശനായി വന്ന ജൂതന് ഭവനം ഒരുക്കിയ നാട്. ജന്മനാട് തിരസ്കരിച്ച ബുദ്ധിസത്തിന് വിഹാരമായ നാട്. ജൈനമതം നമ്മുടേതാക്കിയ നാട്.

ബ്രാഹ്മണ ഹിന്ദുമേൽക്കോയ്മ 'ഭ്രാന്താലയമാക്കി' തീർത്ത ഇവിടെ ആ ഭ്രാന്തൻ ചങ്ങല തകർത്തെറിഞ്ഞ നാട്. സമത്വത്തിന്റെ മഹത്തായ മാനവസിദ്ധാന്തങ്ങൾ മനുഷ്യൻ കണ്ടുപിടിച്ചപ്പോൾ അതിനെ സർവാത്മനാ വാരിപ്പുണർന്ന നാട്. **ഇന്നല്ലെങ്കിൽ നാളെ ഒരു സൂര്യനുദിക്കുന്നത് സ്വപ്നം കാണുന്ന 'ദൈവത്തിന്റെ സ്വന്തം നാട്.' തിളയ്ക്കണം ചോര നമുക്ക് ഞരമ്പുകളിൽ എന്ന് കേരളത്തെക്കുറിച്ച് കവി പാടിയത് അതുകൊണ്ടാണ്. ഈ നാടിന്റെ തത്ഭാവമാണിത്.**

ഈ സമാധാനഭൂമിയിലേയ്ക്ക് പാതിരാവിൽ വരുന്ന കള്ളനെപോലെ വിദ്വേഷത്തിന്റെ വിഷവിത്തുകൾ വിതയ്ക്കുന്നവരെ ജാഗ്രതയോടെ നിരീക്ഷിക്കേണ്ട കാലമാണിത്. ഇവരുടെ പിന്നാമ്പുറങ്ങൾ വായിച്ചെടുക്കണം.

ബീഫ് കഴിക്കുന്നവർക്ക് അയിത്തം കൽപിക്കുന്ന സവർണ ബ്രാഹ്മണ മതത്തിന്റെ നൂറ്റാണ്ടുകൾ പഴക്കമുള്ള അത്യാചാരം ആൾക്കൂട്ട ഹത്യയിലൂടെ ക്രൂദ്ധ ഭാവം കൈവരിച്ചിരിക്കുന്ന കാലം. മീശ പിരിക്കുന്ന ദളിതന്റെ ദേഹം ബ്ലേഡുകൊണ്ട് വരയുന്ന, തല്ലിയൊതുക്കുന്ന നാളുകൾ. മേൽജാതിക്കാരന്റെ കാലിൽ അറിയാതെ ചവിട്ടിയ ദളിതന്റെ ഗ്രാമത്തിലുള്ളവരെ കൂട്ടമായി ചുട്ടെരിക്കുന്ന നാട്. ദളിതന്റെ പട്ടി കുരച്ചതിന്റെ പേരിൽ അവന്റെ വീടുകൾ തീയിട്ട് മനുഷ്യനെ ചുട്ടുകൊല്ലുന്ന നാട്. ഈ ജാതിമേൽക്കോയ്മയുടെ തത്വശാസ്ത്രത്തെ- ഒരിക്കൽ നാം വേരോടെ പിഴുതെറിഞ്ഞ മാമൂലിനെ- പുതിയ രീതിയിലും ഭാവത്തിലും പ്രതിഷ്ഠിക്കാനുള്ള യാത്രയാണിത്. ദസറയും മുഹറവും ഒന്നിച്ചുവന്നാൽ തെരുവിൽ ഇറങ്ങിനിന്ന് അന്യോന്യം കല്ലെറിയുന്ന, ചുട്ടുകളയുന്നവരുടെ നാട്ടിൽ നിന്നും കേരളത്തിന് പഠിക്കാൻ എന്ത് പാഠപുസ്തകമാണ് ഇവർ കൊണ്ടുവരുന്നത്? സ്വയം ചികിത്സിക്കേണ്ട വൈദ്യൻമാർ!

ലൗജിഹാദ് എന്നാക്ഷേപിച്ച് നമ്മുടെ പ്രണയത്തെ തല്ലിക്കെടുത്തുന്ന അഭിനവ രാഷ്ട്രീയ വില്ലന്മാർ. പ്രണയം മനുഷ്യൻ തീർക്കുന്ന എല്ലാ മതിൽക്കെട്ടുകളെയും ഉല്ലംഘിക്കുന്ന മനുഷ്യന്റെ ഉത്കടമായ വികാരമാണെന്ന തിരിച്ചറിവ് ഊരിപ്പിടിച്ച കഠാരയുമായി പ്രണയത്തെ കുത്തിമലർത്താനിറങ്ങുന്നവർക്ക് ഉണ്ടാകണമെന്നില്ല. അവരുടെ ഉന്നം 'ഹിന്ദുത്വത്തെ' സംരക്ഷിച്ചു നിർത്തുക എന്നതുമാത്രം. ഏത് ഹിന്ദുവിനെ? ഹിന്ദുവിൽ ഏത് ജാതിയെ? ഘർവാപസിയുടെ പേരിൽ 'ഹിന്ദു' വിട്ട് പോയവരെല്ലാം തിരിച്ചുവന്നാൽ ചാതുർവർണ്യ ശ്രേണിയിലെ ഏത് ജാതികുലത്തിൽ അവരെ തിരിച്ചെടുക്കും. ഉന്നതജാതിയിൽ? അതോ പറയപ്പടയിൽ? പിന്നെ എന്തിനാണീ തട്ടിപ്പ്.

സ്നേഹത്തിനെതിരെ ജിഹാദിനിറങ്ങുന്നവരുടെ ഭാവം വെറുപ്പിന്റേതാണ്. വെറുപ്പ് സർവനാശിയും. സ്ഥിതപ്രജ്ഞമായ മനുഷ്യ സംസ്കൃതിക്കുനേരെ വെറുപ്പ് എന്ന വികാരം അരപ്പട്ടയായി ധരിച്ചിറങ്ങിയിരിക്കുന്ന ചാവേറുകൾ. അത്തരം ചാവേറുകൾക്ക് ചുട്ടെരിക്കാനുള്ളതല്ല, തലമുറകൾ ചുടുസ്വപ്നങ്ങളിൽ നെയ്തെടുത്ത സഹ്യന്റെ ഈ മടിത്തട്ട്.

*bbpp*